## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2880 | 18.08.2017 -ൽ മറുപടിക്ക്

### വില്ലേജാഫീസുകൾ നവീകരിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനിൽ അക്കര | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ വില്ലേജാഫീസുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ആഫീസുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART)റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഭൂമി സംബന്ധമായ വിലപ്പെട്ട രേഖകൾ സൂക്ഷിക്കുന്ന വില്ലേജാഫീസുകൾക്ക് സുരക്ഷിതമായി രേഖകൾ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം അടിയന്തരമായി നൽകുമോ എന്ന് വിശദമാക്കാമോ? | (ബി) | വില്ലേജാഫീസുകൾക്ക് സുരക്ഷിതമായി രേഖകൾ സൂക്ഷിക്കുന്നതിനായി, സംസ്ഥാനത്ത് ചോർന്നൊലിക്കുന്നതും, ജീർണ്ണാവസ്ഥയിലുള്ളതുമായ വില്ലേജാഫീസ് കെട്ടിടങ്ങൾ 13-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ